പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1424

13.12.2012-ൽ മറുപടിയ്ക്ക്

## കായംകുളം മണ്ഡലത്തിന് അനുവദിച്ച പദ്ധതികളുടെ നിർമ്മാണ പുരോഗതി

| ചോദ്യം<br>ശ്രീ. സി.കെ. സദാശിവൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കായംകുളം കാർത്തികപ്പള്ളി റോഡ് രണ്ട് ലൈൻ റോഡായി പുനരുദ്ധരിക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ; | (എ) ചീഫ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) കായംകുളം ഗവൺമെന്റ് വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; | (ബി) കായംകുളം ഗവൺമെന്റ് വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണത്തിനായി 220 ലക്ഷം രൂപയുടേയും ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായി 442.60 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ ഭരണാനുമതി ലഭിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് 03.11.2011-ൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) കായംകുളം ജുഡീഷ്യൽ കോംപ്ലക്സ്, ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ; | (സി) കായംകുളം ജുഡീഷ്യൽ കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിനായി 755 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് 03.11.2011-ൽ ഹൈക്കോടതി രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ ആർക്കിടെക്ച്ചറൽ ഡ്രായിംഗ് അംഗീകരിക്കുന്ന മുറയ്ക്ക് പുതുക്കിയ |

നിരക്കിലുള്ള വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സിന് സ്ഥലം ലഭ്യമല്ല.

| | |
|---|---|
| (ഡി) കായംകുളം മണ്ഡലത്തിൽ അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ? | (ഡി) കായംകുളം മണ്ഡലത്തിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം പൊതുമരാമത്തുവകുപ്പ് മുഖേനയല്ല നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ